ഉത്തരം

(എ) മത്സ്യബന്ധന മേഖലയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണ അനുവദിക്കുന്നില്ല. പൊതു വിതരണത്തിനായി സബ്സിഡി നിരക്കിൽ അനുവദിക്കുന്ന മണ്ണെണ്ണയിൽ ഒരു വിഹിതം മത്സ്യ ബന്ധനമേഖലയ്ക്കുവേണ്ടി വിനിയോഗിച്ചുവരുന്നു. പ്രതിവർഷം 44806 മെട്രിക് ടൺ മണ്ണെണ്ണയാണ് ഈ മേഖലയ്ക്ക് അനുവദിക്കുന്നത്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റാണ് ഈ മണ്ണെണ്ണയുടെ വിതരണം നടത്തുന്നത്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ മിനറൽസ് ആന്റ് മെറ്റൽസ് ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും മണ്ണെണ്ണ വാങ്ങി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി 1999 സെപ്റ്റംബർ മാസം മുതൽ മത്സ്യഫെഡ് വിതരണം നടത്തുന്നുണ്ട്. ഇപ്രകാരം ജനുവരി 2000 വരെ 450 കി. ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്തു.

(ബി) പൊതുവിതരണ സമ്പ്രദായം വഴി മത്സ്യബന്ധനമേഖലയ്ക്കുള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡിനെ ഏൽപ്പിക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾവഴി മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നതിന് മാത്രമായി മണ്ണെണ്ണ വിതരണം നടത്തുവാനും അതുവഴി മണ്ണെണ്ണയുടെ കരിഞ്ചന്ത ഒരു പരിധിവരെ തടയുവാനും ഈ സംവിധാനം വഴി സാധിക്കുന്നതാണ്. കൂടാതെ ഇറക്കുമതി ചെയ്യുന്ന മണ്ണെണ്ണ മത്സ്യഫെഡ് വഴി വിതരണം നടത്തുവാനും ആലോചനയുണ്ട്.

(സി) മത്സ്യ ബന്ധന മേഖലയിൽ അനുവദിച്ചിരുന്ന പെർമിറ്റുകളുടെയും പുതിയ അപേക്ഷകരുടെയും പെർമിറ്റിനുള്ള അപേക്ഷകൾ സിവിൽ സപ്ലൈസ് വകുപ്പും ഫിഷറീസ് വകുപ്പും കൂട്ടായി 16-1-2000-ൽ പരിശോധിച്ചതിൻ പ്രകാരം അർഹരായവരെ കണ്ടെത്തി മണ്ണെണ്ണ വിതരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മത്സ്യഫെഡിലെ പ്രൊമോഷൻ പോളിസി

8 (3647) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന മത്സ്യബന്ധനോപകരണങ്ങൾക്ക് 1996-97-നുശേഷം എത്രതവണ വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) മത്സ്യഫെഡ് ജീവനക്കാർക്ക് നിലവിൽ പ്രൊമോഷൻ പോളിസി ഉണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പ്രെമോഷൻ നല്കിയതിന്റെ വിവരങ്ങൾ നൽകുമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) മത്സ്യഫെഡ് ജീവനക്കാർ പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1996-97 നുശേഷം ഒരു തവണ വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. 1-1-2000 മുതൽ ഏകീകൃത വില്പന നികുതി പ്രാബല്യത്തിൽ വന്നതിന്റെ ഭാഗമായാണ് നികുതി വർദ്ധിപ്പിച്ചത്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) മത്സ്യഫെഡ് ജീവനക്കാർക്ക് നിലവിൽ പ്രൊമോഷൻ പോളിസി ഇല്ല. ആർക്കും പ്രൊമോഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകിയിട്ടില്ല.

(സി) മത്സ്യഫെഡിന്റെ സ്റ്റാഫ് റഗുലേഷൻ/പ്രൊമോഷൻ പോളിസി പരിശോധനയിലാണ്.

(ഡി) മത്സ്യഫെഡ് ജീവനക്കാർ 14-3-2000-ൽ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് തുടർന്ന് 10-4-2000 മുതൽ അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് എംപ്ലോയീസ് അസോസിയേഷൻ (ഐ. എൻ.റ്റി.യു.സി) എന്ന സംഘടന സമരത്തിൽ നിന്നും പിൻമാറുകയുണ്ടായി. സി. ഐ. റ്റി. യു. നേതൃത്വത്തിലുള്ള മത്സ്യ ഫെഡ് എംപ്ലോയീസ് ഫെഡറേഷൻ എന്ന സംഘടനയുടെ പ്രതിനിധിയെ 30-3-2000-ന് ഫിഷറീസ് ആന്റ് പോർട്സ് സെക്രട്ടറി ഇതു സംബന്ധിച്ച ചർച്ചയ്ക്കായി ക്ഷണിച്ചിട്ടുണ്ട്.

അലങ്കാര മത്സ്യം വളർത്തൽ

9 (3648) ശ്രീ. ജോണി നെല്ലൂർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലങ്കാര മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) അലങ്കാര മത്സ്യം വളർത്താൻ വേണ്ട മത്സ്യങ്ങളും തീറ്റകളും ഉപകരണങ്ങളും ഏതെല്ലാം സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കും ;

(സി) അലങ്കാര മത്സ്യം വളർത്തലിന്റെ വാണിജ്യ മൂല്യവും തൊഴിൽ സാദ്ധ്യതയും കണക്കിലെടുത്ത് കൂടുതൽ മുതൽ മുടക്ക് ഈ മേഖലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഐ.സി.എ.ആർ., കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം എന്നിവയുടെ അംഗീകാരത്തോടുകൂടി യഥാക്രമം 48.50 ലക്ഷം രൂപ, 102.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന രണ്ടു പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇവയിൽ 102.5 ലക്ഷം രൂപയുടെ പദ്ധതിയിൽ 48 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം അംഗീകരിക്കുകയും 43.20 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[30-3-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (3647) ദയവായി കാണുക]

ക്രമ നമ്പർ	ഐറ്റം	നികുതി നിരക്ക് 31.12.1999 വരെ	നികുതി നിരക്ക് 1.1.2000-ൽ
1	നൈലോൺ ടൊയിൻ	4	8
2	ഒ.ബി.എം. സ്പെയറുകൾ	6	8
3	ഒ.ബി.എം.	10	12
4	എച്ച്. ഡി. പി. ഇ. ടൊയിൻ	10	12
5	റോപ്പ്	10	12
6	ലെഡ് മെറ്റൽസ്	10	8
7	പോളി വെബിംഗ്	5	8
8	പ്ലാസ്റ്റിക് ക്രേറ്റ്സ്	10	12

1. ഇതിൽ ലെഡ് മെറ്റല്ലിന്റെ വിൽപ്പന നികുതിയിൽ 1-1-2000-ൽ കുറവ് വന്നിട്ടുണ്ട്.

2. 31-12-1999 വരെ 15 കുതിരശക്തിയിൽ താഴെയുള്ള ഔട്ട് ബോർഡ് എൻജിനുകളെ വിൽപ്പന നികുതിയിൽ നിന്നും ജി.ഒ. നം. 48/97 പ്രകാരം ഒഴിവാക്കിയിരുന്നു.

   എന്നാൽ ഏകീകൃത വിൽപ്പന നികുതി നിയമം 1-1-2000-ൽ പ്രാബല്യത്തിൽ വന്നപ്പോൾ ഇത് നിലവിലില്ലാതായി.

   കേരള ബഹു. ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 15 കുതിരശക്തിയിൽ താഴെയുള്ള എൻജിനുകൾ (Apex Federation അതിന്റെ അംഗങ്ങൾക്ക് വിൽക്കുകയാണെങ്കിൽ) വില്പ്പന നികുതിയിൽ നിന്ന് ഒഴിവാക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപോലെതന്നെ മത്സ്യവലയുടെയും നികുതി ഒഴിവാക്കും എന്ന് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly